നം. **DCETVM/4131/2025-C3** കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയം

വികാസ് ഭവൻ,തിരുവനന്തപുരം

തീയതി: 28-07-2025

## പരിപത്രം

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ്-എം.സി.ആർ.വി ഹോസ്റ്റൽ, എറണാകുളം-ശ്രീമതി.സിമിറാണി.ഡി. ജി, ക്ലാർക്ക്-ടൈപ്പിസ്റ്റിനെ ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:- **1.25/09/2024** തീയതിയിലെ സ.ഉ(അച്ചടി) നം.**07/2024**/പി & എ.ആർ.ഡി നമ്പർ ഉത്തരവ്

**2.10.07.2025** തീയതിയിലെ സ.ഉ(സാധാ)നം.**887/2025/HEDN** നമ്പർ ഉത്തരവ്

**3.**എറണാകുളം ജില്ലാ പി.എസ്.സി ഓഫീസറുടെ **24.05.2019** ലെ **EV (2)2290/15(2)** നമ്പർ നിയമന ശിപാർശ

**4.**എം.സി.ആർ.വി ഹോസ്റ്റൽ വാർഡന്റെ **18/12/2019** ലെ **Senior Clerk/1/2019/MCRVHEKLM** നമ്പർ കത്ത്

**5. 03.07.2022** ലെ **C3/11515/2022/DCE** നമ്പർ അന്തിമ മുൻഗണന പട്ടിക

**6.**എം.സി.ആർ.വി ഹോസ്റ്റൽ വാർഡന്റെ **05.04.2025** ലെ **B/7/2025/MCHEKM** നമ്പർ കത്ത്

**7.**ഈ കാര്യാലയത്തിൽ നിന്നുള്ള **10/06/2025** ലെ ഇതേ നമ്പർ കത്ത്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എറണാകുളം എം.സി.ആർ.വി ഹോസ്റ്റലിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിമിറാണി.ഡി.ജി ടൈപ്പിസ്റ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷ സൂചന (6) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിരുന്നു.

ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ/കാറ്റഗറിമാറ്റം വ്യവസ്ഥകൾ സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ക്ലാർക്ക് -ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് ആറ് മാസത്തിനകം ക്ലാർക്ക് തസ്തികയിലേക്കോ ടൈപ്പിസ്റ്റ് തസ്തികയിലേക്കോ കാറ്റഗറിമാറ്റത്തിന് സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ അവർ സമർപ്പിച്ചിരിക്കുന്ന ഓപ്ഷൻ ഏതാണോ ടി തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രൊമോഷന് പരിഗണിക്കേണ്ടതാണ്.

ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള കാറ്റഗറി മാറ്റത്തിനാണ് ശ്രീമതി.സിമിറാണി.ഡി.ജി സൂചന (4) പ്രകാരം ഓപ്ഷൻ സമർപ്പിച്ചിരുന്നതെന്നതിനാൽ ടിയാളെ ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിലാണ് ഉൾപ്പെടുത്തേണ്ടത്. ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണന പട്ടിക സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അന്തിമരൂപം നല്കിയ സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ സൂചന(6) പ്രകാരം സർക്കാർ അനുമതി തേടുകയും അതിൻ

പ്രകാരം ശ്രീമതി.സിമി റാണി.ഡി.ജി യുടെ സ്ഥാനം ടിയാളുടെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ നിയമന ശിപാർശ തീയതിയായ 24.05.2019 അടിസ്ഥാനമാക്കി നിലവിലെ ടൈപ്പിസ്റ്റുമാരുടെ സൂചന (5) സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.12 ശ്രീമതി.ബുഷറ.റ്റി.സി യ്ക്കും ക്രമനം.13 ശ്രീമതി.രേഷ്മ.ജെ.ആർ നും ഇടയ്ക്ക് 12 (a) ആയി നിശ്ചയിക്കുന്നതിന് അനുമതി നല്കി സൂചന (2) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രകാരം ടിയാരിയ്ക്ക് അർഹമായ സ്ഥാനം നല്കുമ്പോൾ മുൻഗണന ബാധിക്കുന്ന ക്രമനം.13 മുതലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ശേഷിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം 10 ദിവസത്തിനകം അറിയിക്കാൻ താത്പര്യപ്പെടുന്നു. പരാതി ഇല്ലാത്ത പക്ഷം യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. സർക്കുലർ ബന്ധപ്പെട്ട ജീവനക്കാർ കണ്ടു എന്ന് സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്

Signed by
S K Binu
Date: 28-07-2025 11:16:47

**Binu S K**

**SENIOR ADMINISTRATIVE OFFICER**

പകർപ്പ്

1.വകുപ്പിന് കീഴിലെ സർക്കാർ സ്ഥാപന മേധാവികൾക്ക്

2.സിസ്റ്റം മാനേജർക്ക് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)